"ഭരണഭാഷ- മാതൃഭാഷ"

കേരളം സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - തൃശ്ശൂർ ജില്ലയിലെ മുള്ളൂർക്കര ഗ്രാമ പഞ്ചായത്തിലെ ഓഫീസ് അറ്റന്റന്റ് ആയി സേവനമനുഷ്ഠിച്ചിരുന്ന ശ്രീ. അജിത്കുമാർ വി -യുടെ മകന്റെ ചികിത്സയ്ക്ക് കൊച്ചി അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് & റിസർച്ച് സെന്റർ ആശുപത്രിയിൽ ചികിൽസ നടത്തിയ ഇനത്തിൽ നേരിട്ട ചെലവ് പ്രതിപൂരണം ചെയ്തു നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ.(സാധാ) നം.1801/2026/LSGD തീയതി,തിരുവനന്തപുരം, 25-09-2026

---

പരാമർശം:-

1. ശ്രീ.അജിത്കുമാർ വി- യുടെ 20.06.2025 ലെ അപേക്ഷ.
2. ആരോഗ്യവകുപ്പ് ഡയറക്ടറുടെ 24.11.2025 ലെ DHS/26617/2025-MR1 നം. കത്ത്.
3. പ്രിൻസിപ്പൽ ഡയറക്ടറുടെ 31.12.2025 ലെ LSGD/PD/21362/2025-DEG2 നമ്പർ കത്ത്.
4. മുള്ളൂർക്കര ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 04.02.2026 ലെ 15(1) നമ്പർ തീരുമാനം.

<u>ഉത്തരവ്</u>

തൃശ്ശൂർ ജില്ലയിലെ മുള്ളൂർക്കര ഗ്രാമ പഞ്ചായത്തിൽ ഓഫീസ് അറ്റന്റന്റ് ആയി സേവനമനുഷ്ഠിച്ചിരുന്ന ശ്രീ. അജിത്കുമാർ വി -യുടെ മകന്റെ ചികിത്സയ്ക്ക് കൊച്ചി അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് & റിസർച്ച് സെന്റർ ആശുപത്രിൽ ചെലവായ തുക പ്രതിപൂരണം ചെയ്തു നൽകുന്നതിന് പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ, അനുബന്ധരേഖകൾ സഹിതം പരാമർശം (3) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിച്ചു.

2). സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തൃശ്ശൂർ ജില്ലയിലെ മുള്ളൂർക്കര ഗ്രാമ പഞ്ചായത്തിൽ ഓഫീസ് അറ്റന്റന്റ് ആയി സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.അജിത്കുമാർ വി -യുടെ മകന്റെ ചികിത്സയ്ക്കായി 02/03/2025 മുതൽ 17/04/2025 വരെ കൊച്ചി അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് & റിസർച്ച് സെന്റർ ആശുപത്രിയിൽ നടത്തിയ ചികിത്സയ്ക്ക് ചെലവായ

തുകയിൽ ആരോഗ്യവകുപ്പ് ഡയറക്ടർ അനുവദനീയത അറിയിച്ചിട്ടുള്ള 3,27,927/- രൂപയുടെ 80% ശതമാനം ആയ 2,62,342/-രൂപ (രണ്ട് ലക്ഷത്തി അറുപത്തി രണ്ടായിരത്തി മുന്നൂറ്റി നാൽപ്പത്തി രണ്ട് രൂപ മാത്രം) നിലവിലെ KGSMA ചട്ടം, 1960 ലെ വ്യവസ്ഥകൾക്കും, പ്രസ്തുത മെഡിക്കൽ ബില്ലുകളുടെ വാസ്തവികത, അർഹത, കൃത്യത എന്നിവ പരിശോധിച്ച് ഉറപ്പുവരുത്തിയ ശേഷം, സർക്കാരിന് യാതൊരു സാമ്പത്തിക ബാദ്ധ്യതയും ഉണ്ടാകാൻ പാടില്ല എന്ന വ്യവസ്ഥയിലും, ടിയാൾ പ്രസ്തുത ചികിത്സയ്ക്ക് IFMA എടുത്തിട്ടില്ലെന്ന് ഉറപ്പുവരുത്തിയും, കൂടാതെ ഈ ചികിൽസക്കുള്ള ബില്ലുകളിൽ അപേക്ഷകൻ 'Paid by Me' എന്നു രേഖപ്പെടുത്തി ചികിത്സിച്ച ഡോക്ടറുടെ ഒപ്പ്, പേരും രജിസ്റ്റർ നമ്പരും വ്യക്തമാക്കുന്ന, ആശുപത്രിയുടെ സീൽ എന്നിവ പതിപ്പിച്ചിട്ടുണ്ടെന്നും ഉറപ്പ് വരുത്തിയതിനു ശേഷം മുള്ളൂർക്കര ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും പ്രതിപൂരണം ചെയ്തു നൽകുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ.കെ അനിൽ ജോയ്
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (മെഡിക്കൽ ബില്ലുകളും അനുബന്ധ രേഖകളും സഹിതം).
ജോയിന്റ് ഡയറക്ടർ, തൃശ്ശൂർ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം.
സെക്രട്ടറി, മുള്ളൂർക്കര ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ ജില്ല.
ശ്രീ.അജിത്കുമാർ വി, ഓഫീസ് അറ്റന്റന്റ്, മുള്ളൂർക്കര ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ ജില്ല (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്( DEV-2/48/2026/FIN dated 10.09.2026).
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് പകർപ്പ് (No.EPA3/12/2026-LSGD).

ഉത്തരവിൻ പ്രകാരം
Digitally signed by
Noushad. S
Date: 25-09-2026
15:10:24
സെക്ഷൻ ഓഫീസർ